[Mr. K. K. Kannan]

ളെ മാറിയെന്നു വരും. അതുകൊണ്ടു ഏറ്റവും നിർദ്ദോഷവും, ഏറ്റവും പ്രായോഗികവുമായ തത്വവും നിയമവുമാണു് നാം ഇന്നു സ്വീകരിക്കേണ്ടതു് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ നിയമം മാറ്റുവാൻ പാടില്ലായെന്നുള്ളതാണു് ഗവമ്മെണ്ടിന്റെ അഭിപ്രായമെങ്കിൽ തന്മൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ആളുകൾക്കു് ഈ നിയമത്തിൽനിന്നു Exemption കൊടുക്കണമെന്നുള്ളതു് അത്യാവശ്യമാണു്. മറച്ചുകൂടാത്തതാണു്.

Mr. P. Govinda Menon *(Minister for Food and Education):* For fit and proper cases it will be done.

മിസ്റ്റർ കെ. കെ. കണ്ണൻ: Thank you Sir, അതുകൊണ്ടു ഇതിനെ സംബന്ധിച്ചു കൂടുതൽ വിവരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. സഭയുടെ അനുവാദത്തോടുകൂടി ഈ കട്ടുമോഷൻ പിൻവലിച്ചുകൊള്ളുന്നു.

Motion by leave, withdrawn

(vii) Education of Muslims—Encouragement of

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: സർ, ഇതാണു് എന്റെ കട്ടുമോഷൻ. To reduce the allotment of Rs. 62,19,604 for Education in Demand No. 23 by Re. 1 (To urge upon the Government the imperative necessity of showing more favour towards Muslims for their educational improvement.) മിസ്റ്റർ പ്രസിഡണ്ടു് സർ, വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന ഒരു സമുദായക്കാരാണു് മുസ്ലീമിങ്ങൾ എന്നുള്ളതു് എല്ലാവർക്കുമറിയാവുന്ന ഒരു പരമാർത്ഥമാണു്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണു് ഗവമ്മെണ്ടു് പല ആനുകൂല്യങ്ങളും മുസ്ലീമിങ്ങൾക്കു് ചെയ്തുകൊടുത്തിട്ടുള്ളതു്. എന്നാൽ ഇന്നത്തെ നില നോക്കുമ്പോൾ, ഗവമ്മെണ്ടിൽനിന്നു ചെയ്തുകൊടുത്തിരുന്ന ചില ആനുകൂല്യങ്ങൾ ഇപ്പോൾ വെട്ടിച്ചുരുക്കിയതിന്റെ ഫലമായി പല വിധത്തിലുള്ള ദോഷങ്ങൾ മുസ്ലീമിങ്ങൾക്കു വിദ്യാഭ്യാസപരമായി നേരിട്ടിട്ടുണ്ടു്. അതിനെ സംബന്ധിച്ചിട്ടുള്ള ദോഷങ്ങൾ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനും, അങ്ങിനെ വിശദീകരിക്കാനും അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കാണുവാനുംവേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ന്യായമായി മുസ്ലീമിങ്ങൾക്കു നല്കിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുവാൻ ഗവമ്മെണ്ടിനു എന്തെങ്കിലും പ്രേരണ നല്കീട്ടുണ്ടെങ്കിൽ ആ പ്രേരണ എന്താണെന്നു മനസ്സിലാകുന്നില്ല.

Mr. P. Govinda Menon *(Minister for Food and Education):* Without interruption I may not get time to answer this cut motion, and therefore, if this generalisation is made, it may go unanswered. Therefore, I would request the Hon'ble member to categorically state in what direction the concessions to Muslim pupils have been taken away. My contention will be that it has been considerably increased in recent years.

Mr. President: The cut motion is for showing more favour towards Muslims for their educational improvement.

Mr. P. Govinda Menon *(Minister for Food and Education):* In view of the Hon'ble Members generalisation I would request him in fairness to me, to the Government and to his own community, to state in what directions the improvements have to be effected?

Mr. President: The Hon'ble Member will please explain in what direction the improvements have to be effected.

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: മുമ്പു് സ്റ്റൈപ്പെൻഡു് കിട്ടിയിരുന്ന എല്ലാ മുസ്ലീം വിദ്യാർത്ഥികൾക്കും ഇപ്പോൾ അതു കൊടുക്കണമെന്നുള്ളതാണു് എന്റെ അഭ്യർത്ഥന. ഇങ്ങിനെ ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്നതിൽ വിദ്യാഭ്യാസപരമായി എന്റെ സമുദായം മുമ്പോട്ടു പോയിട്ടില്ലായെന്നാണു് എന്റെ അഭിപ്രായം. കോളേജിൽ B.A. ക്ലാസ്സിലും മറ്റും പല മുസ്ലീം വിദ്യാർത്ഥികളേയും എടുക്കാതെ വരുന്നുണ്ടു്. അവർക്കെല്ലാം അവിടെ പ്രവേശനം നല്കാൻ സൌകര്യമുണ്ടാക്കണം. അതുപോലെ ഇൻറർമീഡിയറേറ് ക്ലാസ്സിലും കുറച്ചുകൂടി ആനുകൂല്യങ്ങൾ ഗവമ്മെണ്ടു് അവർക്കു ചെയ്തുകൊടുക്കണം. ഈ സംസ്ഥാനത്തു് എല്ലായിടത്തും മുസ്ലീമിങ്ങൾക്കു വിദ്യാഭ്യാസത്തിനു വേണ്ട പ്രോത്സാഹനം നൽകണം. കൊല്ലം താലൂക്കിലെ മുസ്ലിംവിദ്യാർത്ഥികളെ സാങ്കേതികവിദ്യാഭ്യാസത്തിനായക്കണം. ഇന്നു സ്റ്റേറ്റിലെ മുസ്ലീമിങ്ങൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമായിട്ടാണു നില്ക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടു് അവരുടെ വിദ്യാഭ്യാസകാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുകയാണെങ്കിൽ മാത്രമേ അവരുടെയിടയിൽ വിദ്യാഭ്യാസമുള്ളവർ വല്ലിക്കുകയുള്ളു എറവും ദയനീയമായ സ്ഥിതിയിലാണു് ഇവിടത്തെ മുസ്ലീം ഹോസ്റ്റൽ നടക്കുന്നതു്. ഗവമ്മെണ്ടിന്റെ ശ്രദ്ധ കാര്യമായി പതിഞ്ഞിട്ടില്ലായെന്നുള്ളതു അവിടെ ചെന്നു നോക്കിയാൽ കാണാൻ സാധിക്കും. അവർക്കു അവിടെ താമസിക്കുവാനുള്ള എല്ലാ സൌകര്യങ്ങളും ഗവമ്മെണ്ടു ചെയ്തുകൊടുക്കണം. തൃശ്ശിവപേരൂരിലുള്ള മുസ്ലീം ഹോസ്റ്റലിലും വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കണം. പള്ളിയിലേക്കു പോകുന്നതിനു വെള്ളിയാഴ്ചദിവസം ഉച്ചനമസ്കാരം മുതൽ രണ്ടുമണിവരെ വിശ്രമസമയമാക്കണം.

Mr. President: Muslim Hostel, is the Hon'ble member Saying? We have only 5 minutes more for the grant to be put to vote.

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: അവസാനമായി എനിക്കു പറയാനുള്ളതു അറബിപഠനത്തെ സംബന്ധിച്ചാണു്. അറബിപഠനത്തെ സംബന്ധിച്ചു പരിശോധന ശരിയായി നടത്തുന്നതിനും മേലനോക്ഷണം നടത്തുന്നതിനും ഒരു അറബിഇൻസ്പെക്ടരെ വെക്കണം. ഇപ്പോഴുള്ള ഇൻസ്പെക്ടരുടെ അറബിപഠനത്തെ സംബന്ധിച്ചുള്ള പരിശോധന, അറബി ഭാക്ഷയെ സംബന്ധിച്ചു നിശ്ചയമില്ലാത്തതുകൊണ്ടു ശരിയാകുന്നില്ല. അതുകൊണ്ടു് ആ കാര്യത്തിലും ഗവമ്മെണ്ടിന്റെ ശ്രദ്ധ പതിയണം. എറവും പ്രശസ്തമായി നടക്കുന്ന മുസ്ലീം ഹൈസ്കൂൾ കൊച്ചിയിലുണ്ടു്. അതിന്റെ മേലും ഗവമ്മെണ്ടു് കാര്യമായ ശ്രദ്ധ പതിപ്പിക്കണം എന്നപേക്ഷിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, മുസ്ലീമിങ്ങൾക്കു മുമ്പു കൊടുത്തിരുന്ന ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കി എന്നു പറയുന്നതു ശരിയല്ല. നേരെ മറിച്ചാണു് ഉണ്ടായിട്ടുള്ളതു്. ഫോർത്തു-ൽ കോളേജിൽ, B.A.-ക്കു നാലു ആൺകുട്ടികൾക്കും, ഒരു പെൺകുട്ടിക്കും സ്റ്റൈപ്പൻറു കൊടുത്തിരുന്നതു് ഫോർത്തു-ൽ നാലു ആൺകുട്ടികൾക്കും, രണ്ടു പെൺകുട്ടികൾക്കുമായി വല്ലിപ്പിച്ചു. അതിപ്പോഴും നിലവിലുണ്ടു്. സെക്കണ്ടറി ക്ലാസിൽ ഫോർത്തു-ൽ നാലു ആൺകുട്ടികൾക്കും, രണ്ടു പെൺകുട്ടികൾക്കും സ്റ്റൈപ്പൻറു് കൊടുക്കാൻ നിശ്ചയിച്ചതു, നാലു ആൺകുട്ടികൾക്കും, നാലു പെൺകുട്ടികൾക്കുമായി വല്ലിപ്പിച്ചു. കൊടുങ്ങല്ലൂർ താലൂക്കിൽതന്നെ ഏഴു ആൺകുട്ടികൾക്കും, രണ്ടു പെൺകുട്ടികൾക്കും കൊടുത്തിരുന്നതു് ഏഴു ആൺകുട്ടികൾക്കും, ഏഴു പെൺകുട്ടികൾക്കുമായി വല്ലിപ്പിച്ചിട്ടുണ്ടു്. കോളേജിലും, മറ്റു ക്ലാസുകളിലും ഉണ്ടായിരുന്ന സ്റ്റൈപ്പൻറു് അതേനിലയിൽ നില്ക്കുകയാണു്. ഇതിനുപുറമെ പോവട്ടി സട്ടിഫിക്കറ്റു് ഹാജരാക്കുന്നതായാൽ പകുതി ഫീസിളവു കൊടുക്കാനുള്ള നിബന്ധന ഇപ്പോഴും നിലവിലുണ്ടു്. എറണാകുളത്തെ മുസ്ലീം ഹോസ്റ്റലിലേക്കു ഫർണീച്ചർവകയ്ക്കു് നാലായിരംരൂപാ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതു് ബഹുമാനപ്പെട്ട മെമ്പർ കണ്ടിട്ടുണ്ടാകും. അങ്ങിനെ നോക്കുകയാണെങ്കിൽ മുസ്ലീമിങ്ങൾക്കു കൊടുത്തിരുന്ന ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കിയെന്നു പറയുന്നതു ശരിയല്ല. കൂടുതൽ വേണമെന്നുള്ളതാണു് ഉദ്ദേശമെങ്കിൽ അതു പറഞ്ഞാൽ അതിനെപ്പറ്റി ആലോചിക്കാം. വെട്ടിച്ചുരുക്കിയെന്നു പറയുന്നതു എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കു് വേണ. സ്റ്റൈപ്പൻറു കൊടുത്തിരുന്നതു നിർത്തിയതിനെ സംബന്ധിച്ചാണു വെട്ടിച്ചുരുക്കിയതു് എന്നു പറയുന്നതെങ്കിൽ അതിന്റെ സംഗതി ഇതാണു്. കഴിഞ്ഞ കൊല്ലംമുതൽ മലയാളം സ്കൂളും ഇംഗ്ലീഷ് സ്കൂളും പ്രൈമറിക്ലാസ്സുകളെ സംബന്ധിച്ചു് മൊത്തമാക്കി. അപ്പോൾ ഇംഗ്ലീഷ് സ്കൂളിൽ എട്ടണ ഫീസുണ്ടായിരുന്നതു നിർത്തൽ ചെയ്തു. അപ്പോൾ അതിനുമുമ്പു പഠിച്ചിരുന്ന മുസ്ലീം കുട്ടികൾക്കു കൊടുത്തിരുന്ന എട്ടണ സ്റ്റൈപ്പൻറു് പിന്നീടും കൊടുക്കാതായി. ഒരു ക്ലാസ്സുകളിൽ ഫീസു് ആവശ്യമില്ലാത്തതുകൊണ്ടാണു് അതു കൊടുക്കാതിരുന്നതു്. ഇതു കൊടുക്കാതിരുന്നതു ഒരു വെട്ടിച്ചുരുക്കലായി കണക്കാക്കുന്നുണ്ടെങ്കിൽ അതു മാത്രമേ ഉണ്ടായിട്ടുള്ളു. മറ്റുള്ള കാര്യങ്ങളിൽ വല്ലതും ന്യൂനതകളുണ്ടെങ്കിൽ അതിലും ഗവമ്മെണ്ടിന്റെ ദൃഷ്ടി ചെലുത്തുന്നതാണു്. ഒരു അറബി ഇൻസ്പെക്ടറെ വെയ്ക്കേണ്ടകാര്യത്തെപ്പറ്റി ഇവിടെ പറയുകയുണ്ടായി. അതിനെക്കുറിച്ചും ഗവമ്മെണ്ടു് ആലോചിക്കാം. അറബിപഠനത്തെപ്പറ്റി പരിശോധിയ്ക്കാൻ പ്രത്യേകം ഒരു ഇൻസ്പെക്ടരെ വയ്ക്കുകയാണെങ്കിൽ സംസ്കൃതപഠനത്തെ സംബന്ധിച്ചു പരിശോധിക്കാൻ മറ്റൊരു ഇൻസ്പെക്ടരെ വെക്കേണ്ടിവരും. അതുകൊണ്ടു് ഇതുവക കാര്യങ്ങൾ പരിശോധിച്ചതിനു ശേഷമേ അതിനു മറുപടി പറയാൻ സാധിക്കുകയുള്ളു. ഏതായാലും മുസ്ലീമങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ ഗവമ്മെണ്ടു വളരെ ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

യോടുകൂടിയാണ് ഇരിക്കുന്നത്. മുസ്ലിം വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം സ്കോളർഷിപ്പിന്റെ കാര്യത്തിലും, സ്റ്റൈപ്പന്റിന്റെ കാര്യത്തിലും പല ആനുകൂല്യങ്ങളും ചെയ്യുന്നുണ്ട്. അതുകൊണ്ട് അവർക്കുള്ള ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കിയെന്നു പറയരുതെന്നാണ് എന്റെ അപേക്ഷ.

Mr. P. A. Mohammed Ashrof *(Cranganur):* May I make a suggestion, Sir,

Mr. President: Order, it is time.

Mr. P. A. Mohammed Ashrof *(Cranganur):* Sir, I only want a minute.

Mr. President: All right, the Hon'ble Member may take a few seconds more.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വിദ്യാഭ്യാസത്തിനു സ്വീകരിക്കുന്ന മുഴുവൻ ഫീസ്സാക്കുന്നുണ്ട്. എന്നാൽ എനിക്കു പറയാനുള്ളതു് സാധുക്കളായ വിദ്യാർത്ഥിനികൾക്കു കഴിയുവിധത്തിലുള്ള പ്രോത്സാഹനങ്ങൾ കൊടുക്കണം എന്നാണ്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഒരു നയമായി ഗവൺമെണ്ടു സ്വീകരിച്ചിട്ടുണ്ട്.

Mr. President: The question is that Government be granted a sum of Rs. 62,19,604 under 23—Education.

Motion put and carried

Mr. P. Govinda Menon *(Minister for Food and Education):* Sir, with your special leave I have to state that before the Budget was printed, decisions have been taken by Government to start a Callege at Chittur and that an amount of Rs. 55,000 is required for that purpose. Strictly speaking, it ought to have been an amendment to the Budget as it stands; but I would crave your indulgence and leave at this stage to pray for an additional allotment of Rs. 55,000 for Education.

Mr. President: The question is that Government be granted an additional allotment of Rs. 55,000 under "23—2—Collegiate Education" in the 1123 Budget.

Demand put and carried

Mr. P. Govinda Menon *(Minister for Food and Education):* I will state, at this stage, that it is only a matter of adjustment. This Rs. 55,000—I am stating it for the information of the House—will be in addition to the Budget as it is. It will not make any difference when the final addition of the Budget is made.

Mr. President: It means that it is a supplementary grant adding to it.

Mr. M. K. Raja *(Mulakunnathukavu):* May I know, Sir, what are the specific items which make up this huge amount?

Mr. P. Govinda Menon *(Minister for Food and Education):* They are in the note to the Standing Finance Committee. It was examined by the Standing Finance Committee and passed by them.

(2) 15—Education—Cranganur

Mr. P. GovindaMenon *(Minister for Food and Education):* I move that an amount of Rs. 1,70,420 be granted to Government under "15—Education—Cranganur".

Mr. President: The question is that Government be granted a sum of Rs. 1,70,420 under "15—Education—Cranganur".

Demand put and carried

(3) 37—Uplift of the Depressed Classes

റാവുസാഹിബ് കെ. അയ്യപ്പൻ: അധഃകൃതോദ്ധാരണത്തിനുവേണ്ടിയുള്ള ഡിമാൻഡ് ഉന്നയിക്കുള്ള ബഹുമാനം ഞാൻ ഇവിടെ അവതരിപ്പിക്കുന്നു. ഇതു് ഈ സഭ പാസ്സാക്കിത്തരുവാൻ അപേക്ഷിക്കുന്നു.

സർ, ഇവിടത്തെ അധഃകൃതോദ്ധാരണ പ്രവർത്തികൾ കൊച്ചിയിലെ അഭിമാനകരമായി എടുക്കാവുന്ന ഒരു സംഗതിയാണ്. ഇന്ത്യയിൽ മറെറങ്ങുമില്ലാത്തമാതിരി, മറെറാരു ഗവൺമെണ്ടു് ചെയ്യാത്തമാതിരി വളരെ മുമ്പുതന്നെ കൊച്ചിരാജ്യത്തു തുടങ്ങിട്ടുള്ള അധഃകൃതോ

LIBRARY ARCHIVES Kerala Legislative Assembly